**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമ സഭാ ചോദ്യം നമ്പർ:1153** **05.03.2020 ൽ മറുപടിയ്ക്ക്**

**ഹാരിസൺസ് മലയാളം കമ്പനി കൈവശം വച്ചിരിക്കുന്ന സർക്കാർ ഭൂമി**

**ചോദ്യം**
**ശ്രീ.പാറക്കൽ അബ്ദുല്ല**

**മറുപടി**
**ശ്രീ.ഇ. ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) )**

| | | |
|---|---|---|
| (എ) | ഹാരിസൺസ് മലയാളം കമ്പനി ഉൾപ്പെടെ വൻകിട തോട്ടം ഉടമകൾ കൈവശം വച്ചിരിക്കുന്ന സർക്കാർ ഭൂമി തിരിച്ചു പിടിക്കുന്ന നടപടിക്ക് ഒട്ടും വേഗതയില്ലെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഉണ്ട് |
| (ബി) | ഹാരിസൺ ഭൂമി സംബന്ധിച്ച ഹൈക്കോടതി വിധിക്കെതിരെ സുപ്രീം കോടതിയിൽ നൽകിയ അപ്പീലിൽ തിരിച്ചടി നേരിട്ട് ഒരു വർഷം കഴിഞ്ഞിട്ടും ഇതു സംബന്ധമായി ഒരു സിവിൽ കേസു പോലും ഫയൽ ചെയ്യാത്ത സാഹചര്യമുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | ഹാരിസൺ മലയാളം ലിമിറ്റഡ് കമ്പനിയും, ടി കമ്പനിയിൽ നിന്ന് ഭൂമി നേടിയവരും സമാനമായ മറ്റു കമ്പനികളും കൈവശം വച്ചിരിക്കുന്ന ഭൂമിയുടെ യഥാർത്ഥ ഉടമസ്ഥത സർക്കാരിനാണെന്നുള്ള . നിഗമനത്തിൽ സ്പെഷ്യൽ ഓഫീസർ ഭൂമി ഏറ്റെടുത്ത നടപടി 11-04-2018 ലെ WP(C) 33122/2014&Ors തുടങ്ങിയ കേസുകളിലെ വിധിന്യായത്തിലൂടെ ബഹു.ഹൈക്കോടതി റദ്ദു ചെയ്യുകയുണ്ടായി. വൻകിട കമ്പനികൾ കൈവശം വയ്ക്കുന്ന തോട്ട ഭൂമിയിന്മേൽ സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിക്കുന്നതിനായി സിവിൽ കേസ് ഫയൽ ചെയ്യുകയോ, ഇതര നിയമാനുസൃത നടപടികൾ സ്വീകരിക്കുകയോ ചെയ്യണമെന്ന ബഹു. ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സിവിൽ കേസ് ഫയൽ ചെയ്യുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി 06.06.2019 ലെ ജി.ഒ(എം.എസ്) 172/2019/റവ നമ്പർ ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിരുന്നു. അതനുസരിച്ച് കോട്ടയം |

| | | |
|---|---|---|
| | | ജില്ലയിൽ സർക്കാർ സിവിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. മറ്റ് ജില്ലകളിൽ കേസുകൾ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ പുരോഗമിച്ച വരുന്നു. |
| (സി) | സ്പെഷ്യൽ ഓഫീസർ എം. ജി. രാജമാണിക്യം, ഗവൺമെന്റ് പ്ലീഡർ സുശീല. ആർ. ഭട്ട് എന്നിവരെ തൽസ്ഥാനങ്ങളിൽ നിന്ന് മാറ്റിയത് കേസ് നടത്തിപ്പിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; | ഇല്ല |
| (ഡി) | സർക്കാരിന്റെ വാദം പോലും കേൾക്കാതെയാണോ ഹൈക്കോടതി വിധിക്കെതിരെ സർക്കാർ നൽകിയ അപ്പീൽ സുപ്രീം കോടതി തള്ളിയത്; | 11-04-2018 ലെ WP(C) 33122/2014&Ors കേസുകളിലെ വിധിന്യായത്തിനെതിരെ സംസ്ഥാന സർക്കാർ സമർപ്പിച്ച അപ്പീലുകളിൽ വിശദമായ വാദം കേൾക്കാതെ തന്നെ ബഹു. സുപ്രീംകോടതി തള്ളുകയാണുണ്ടായത്. |
| (ഇ) | ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച നിയമപോരാട്ടം അവസാനിക്കണമെങ്കിൽ നിയമനിർമാണം വഴി ഭൂമി ഏറ്റെടുക്കണമെന്ന നിയമവിദഗ്ദ്ധരുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിശോധിക്കുമോ; ഉചിതമായ നടപടികൾ കൈക്കൊള്ളുമോയെന്നറിയ്ക്കുമോ? | ഉണ്ട്. ഉടമസ്ഥത സ്ഥാപിക്കുന്നതിനായി സർക്കാർ സിവിൽ കോടതിയിൽ കേസ് ഫയൽ ചെയ്യണമെന്നുള്ള ഹൈക്കോടതി വിധിന്യായം സുപ്രീംകോടതി അംഗീകരിച്ച സാഹചര്യത്തിൽ പുതിയ നിയമ നിർമ്മാണം കൊണ്ട് മാത്രം അത്തരം ഭൂമിയുടെ ഉടമസ്ഥത സ്ഥാപിച്ചെടുക്കുക സാധ്യമല്ല. പുതിയ നിയമം നിർമ്മിച്ചാലും എതിർ കക്ഷികൾ കോടതിയെ സമീപിച്ച് ഉടമസ്ഥത സിവിൽ കോടതി മുമ്പാകെ സ്ഥാപിക്കാൻ ആവശ്യപ്പെടാൻ സാധ്യതയുണ്ട്. ഭൂമിയുടെ ഉടമസ്ഥത അന്തിമമായി നിർണ്ണയിക്കേണ്ടത് സിവിൽ കോടതിയിൽ ആയതിനാലാണ് സർക്കാർ സിവിൽ കേസുകൾ ഫയൽ ചെയ്യാൻ തീരുമാനിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ